# സ്പന്ദനം






LITTLE KITES 9A

# ആമുഖം

ഒരു സാഹിത്യസ്രിഷ്ടി ഒരു ഭാഷയിൽ എഴുതപ്പെടുന്നുവെങ്കിലും എഴുതിത്തീരുന്നതോടെ അത് ഭാഷകൾക്കുപരി,മാനവ ഭാഷയിലേക്ക് ഉയർത്തപ്പെടുന്നു. നിരവധി മാനങ്ങളെ പുറത്തുകൊണ്ടുവരുവാൻ, മനുഷ്യനെ അവൻ സ്വയം പൂട്ടിയിട്ടിട്ടുള്ള



തടവറകളിൽനിന്ന് വെളിയിൽ കൊണ്ടു വരുവാനുള്ള കഴിവ് സാഹിത്യത്തിന്റേതാണ്.ഏതു രീതിയിലായാലും മറ്റൊന്നിനും കഴിയാത്ത ഈ ധർമ്മം അത് നിർവഹിച്ചു കൊണ്ടിരിക്കുക തന്നെ വേണം. അതിനാൽ ഞങ്ങൾ ലിറ്റിൽ കൈറ്റ് അംഗങ്ങൾ നിങ്ങൾക്കു മുമ്പിൽ ഒരു ഡിജിറ്റൽ മാഗസീൻ സമർപ്പിക്കുന്നു...

സ്പന്ദനം

# GHSS.POOVATHOOR



## സ്പന്ദനം

## ഉള്ളടക്കം

.....................................................................................18
എബോള.....................................................................................18
ചെറുകഥ.....................................................................................27
എന്റെ വിദ്യാലയം.....................................................................................6
ഓഗസ്റ്റ് മറക്കാത്ത മാസം.....................................................................................8
ദുഃഖമാം കേരളം.....................................................................................7
നമ്മുടെ കവികൾ.....................................................................................16
മരം.....................................................................................19
മരിച്ചവരുടെ കുന്ന്.....................................................................................10
മലയാള ചെറുകഥ.....................................................................................22
മഴയും ഞാനും.....................................................................................5
മിഴിനീരോടെ അവൾ.....................................................................................20

# മഴയും ഞാനും

മഴയും ഞാനും തുള്ളിപോലെ
നീർകണങ്ങളായ് താഴെപതിച്ചു .......
ഭുമിയിലേക്കായ് പെയ്തിറങ്ങി
മണ്ണിലേക്കായ് ആഴ്ന്നിറങ്ങി ........
മഴയും ഞാൻ തുള്ളിപോലെ
നീർകണങ്ങളായ് താഴെപതിച്ചു
കാറ്റു പോലും അറിയാതെ
കാറ്റുവീശി ഇതാ .......
മഴമേഘം പോലും അറിയാതെ
മഴക്കാറിത ........
നിന്റെ ഓർമ്മകൾ എന്നെന്നും.....
മഴയും ഞാനും തുള്ളിപോലെ
കോർത്തുവച്ച മുത്തുപോലെ
ഒത്തുചേർന്നു നാം.....
നൂലുപൊട്ടിയ പട്ടം പോലെ പാറിപ്പറന്നു നാം......
അറ്റുപോയ വേരുപോലെ അകന്നുപോയി നാം.......
നിന്റെ സൗഹൃദം എന്റെ സ്വന്തം
നിന്റെ ഓർമകൾ എന്നെന്നും......
മഴയും ഞാനും തുള്ളിപോലെ
നീർകണങ്ങളായ് താഴെപതിച്ചു.......



**അപർണ. ആർ. എസ്**

## എന്റെ വിദ്യാലയം

എനിക്കുമുണ്ടൊരു വിദ്യാലയം
സുന്ദരമായ എൻ വിദ്യാലയം
എൻ പ്രിയ കൂട്ടുകാരുള്ള
വിദ്യാലയം
ഗുരുനാഥന്മാരുള്ള
വിദ്യാലയം
പ്രകൃതിഭംഗി നിറഞ്ഞു
നിൽക്കുന്ന എൻ വിദ്യാലയം
ഐശ്വര്യ പൂർണമായ എൻ
വിദ്യാലയം.




ശ്രീധർ.എസ്.ബി

# ദു:ഖമാം കേരളം

കണ്ണീരൊഴുക്കിയ കേരളം എന്റെ
കണ്ണീരിൽ ചലിച്ച നീരൊഴുക്കും
കണ്ണിന്റെ കൃഷ്ണമണിപോലുള്ളൊരു
കണ്ണും കരളും ഒലിച്ചുപോയി
കലിതുള്ളി വന്നൊരു പേമാരിയും
പിന്നെ അലകളായി വന്നൊരു കാറ്റിനേയും
കവിഞ്ഞൊഴുകിയ പെരിയാറും പിന്നെ
കലിതുള്ളി വന്നൊരു പേമാരിയും
ദുഃഖമാം കേരളം എന്റെ കേരളം
പേമാരിയെ ഞങ്ങൾ അതിജീവിക്കും
നമ്മൾ അതിജീവിക്കും നമ്മൾ അതിജീവിക്കും .................

പ്രളയം വന്നു ........പ്രളയം വന്നു................
ജീവനൊടുക്കാൻ പ്രളയം വന്നു...
ജീവന്റെ മനസ്സിൽ തുളച്ചുകയറിയ
പേമാരി ......പേമാരി ........പേമാരി
ഞങ്ങൾ അതിജീവിക്കും ഞങ്ങൾ -
അതിജീവിക്കും
തുളച്ചുകയറിയ മനുഷ്യമനസ്സിന്റെ ഇണകളായി
വന്നൊരു പേമാരി ..............പേമാരി ............പേമാരി

കറുത്തിരുണ്ട് വന്ന പേമാരി
ജീവിതം ഇളക്കിമറിച്ചു
സലിലസമൃദ്ധമായ നമ്മുടെ കേരളം
പെരുവെള്ളത്തിൽ ഒലിച്ചുപോയി
ജീവനെടുത്ത പേമാരിയും

## സ്പന്ദനം

ഞങ്ങൾ നിന്നെ അതിജീവിക്കും .............
ഞങ്ങൾ അതിജീവിക്കും .........................
ഞങ്ങൾ അതിജീവിക്കും ........................
രേഷ്മ.എം.ആർ

## ഓഗസ്റ്റ് മറക്കാത്ത മാസം

പിറക്കാത്ത ഓണത്ത് നമ്മളെഞ്ഞു പാടി
ഓണത്തപ്പനെ പുകഴ്ത്തിപാടി
എല്ലാം നശിപ്പിച്ച മഴയെന്തേ പോയി
നമ്മളെകണ്ടോ? അതോ ഒരുമകണ്ടോ
സൂര്യനുപകരം ,സൂര്യനുപകരം
സൂര്യനുപകരം പ്രളയമുദിച്ചതെന്തേ
ചോദിക്കുമമ്മ ഇങ്ങനെ ഇതെന്തിനാണ് മക്കളെ
ഇതഗാന മക്കളെ
കാണേണ്ട കാണില്ല നമ്മൾ
കേൾക്കേണ്ട കേൾക്കില്ല നമ്മൾ
പറയേണ്ട പറയില്ല
ചെയ്യണ്ട ചെയ്യില്ല
ജീവിച്ചു തീരാത്ത മകോച് മക്കളുണ്ട്
പാടിടും തീരാത്ത ജീവിതവുമുണ്ട്
പ്രളയമേ ..........പ്രളയമേ .......
ഇനിയൊരിക്കലും കാണാരുത്തിടെ .....
ഇനി വര്രു മക്കളെ ,ഇനി വര്രു കൂട്ടരേ
കൈവിട്ടെങ്ങോട്മെ പോവരുതേ ഓഗസ്റ്റ്

## സ്പന്ദനം

മറക്കാത്ത മാസം
പിറക്കാത്ത ഓണത്ത്  നമ്മളെഞ്ഞു പാടി
ഓണത്തപ്പനെ പുകയ്ത്തിപാടി
എല്ലാം നശിപ്പിച്ച മഴയെന്തേ പോയി
നമ്മളെകണ്ടോ? അതോ ഒരുമകണ്ടോ
സൂര്യനുപകരം ,സൂര്യനുപകരം
സൂര്യനുപകരം പ്രളയമുദിച്ചതെന്തേ
ചോദിക്കുമമ്മ  ഇങ്ങനെ ഇതെന്തിനാണ് മക്കളെ
ഇതഗാന മക്കളെ
കാണേണ്ട കാണില്ല നമ്മൾ
കേൾക്കേണ്ട കേൾക്കില്ല  നമ്മൾ
പറയേണ്ട പറയില്ല
ചെയ്യണ്ട ചെയ്യില്ല
ജീവിച്ച തീരാത്ത മകോച് മക്കളുണ്ട്
പാടിട്ടും തീരാത്ത ജീവിതവുമുണ്ട്
തോൽപിക്കും മക്കളെ വീഴാത്ത മരമായി
എതിർക്കുമോ കാലാനാം  പ്രളയത്തെ .....
കറുത്തതെല്ലാം മുടിയല്ല
വെളുത്തതെല്ലാം പല്ലുകളുമല്ല
പാറുന്നതെല്ലാം  കിളികളല്ല
മാനവരാശി വെറുക്കേണ്ടതല്ല
മലയാള നാടിനെയും മലയാള ഭാഷയെയും
ഒരു പ്രളയത്തിനും തോൽപിക്കാൻ ആവില്ല
കേട്ടിട്ടുണ്ട് ഞാൻ കേള്കുന്നുമുണ്ട് ഞാൻ
ഒത്തു പിടിച്ചാൽ മാലയും പോരുമെന്ന്
കേട്ടതും കണ്ടറിഞ്ഞു ഞാൻ ഇന്നിവിടെ വച്ച

\- സിദ്ധാർഥ് .എസ്  6A

# സ്പന്ദനം

മരിച്ചവരുടെ കുന്ന്

ഈജിപ്റ്റ്, മെസൊപ്പൊട്ടേമിയ, ക്രീറ്റ് എന്നിവിടങ്ങളോടൊപ്പം ലോകം കൊണ്ടാടുന്ന സിന്ധുനദീതട മാഹസംസ്കാരത്തിന്റെ ഭാഗമായ ഈ നഗരത്തിന്റെ യഥാർത്ഥ പേര് ഇന്നും അജ്ഞാതമാണ്. അവിടെ നിന്നും ഖനനം ചെയ്തെടുത്ത സീലുകളിലെ ആലേഖനങ്ങളുടെ കുരുക്കഴിക്കാൻ ഇപ്പോഴും നമുക്ക് ആയിട്ടുമില്ല. ആയിരക്കണക്കിന് വർഷം വിസ്മൃതിയിലാണ്ട് മണ്ണിൽ പൂണ്ട് കിടന്ന ആ നഗരാവശിഷ്ടങ്ങളുടെ പൊട്ടും പൊടിയും പിന്നീട് അവിടം വസിച്ച ഗ്രാമീണർ ശ്രദ്ധിച്ചിരുന്നു. ഭയത്തോടെ അവർ ആ ഉയർന്ന മൺ തിട്ട് പ്രദേശത്തെ വിളിച്ച



പേരാണ് മോഹൻജൊ ദാരോ. സിന്ധ് ഭാഷയിൽ "മോഅൻ" അല്ലെങ്കിൽ

## സ്പന്ദനം

"മോയെൻ" എന്ന പദത്തിന്റെ അർത്ഥം "മരിച്ചവർ" എന്നും ʻദാരോʻ എന്നാൽ കുന്ന് എന്നുമാണ്. മരിച്ചവരുടെ കുന്നാണ് ʻമോഹൻജൊ ദാരോʻ . 4600 വർഷം മുമ്പ് മനുഷ്യ സംസ്കാരം വളർന്ന് പൂവിട്ടയിടം പിന്നീട് ബി,സി.1900 ൽ നശിച്ച് മണ്ണ് മൂടി ലോക ശ്രദ്ധയിൽ നിന്നും അപ്രത്യക്ഷമായി. 1826 ൽ ചാൾസ് മാസൺ എന്ന ബ്രിട്ടീഷ് സഞ്ചാരിയാണ് കൂട്ടമായി കിടക്കുന്ന ഇഷ്ടികകൾ ശ്രദ്ധിച്ചത്. പഴയ കോട്ടകളുടെ ഭാഗമായിരിക്കും എന്ന കരുതി അദ്ദേഹം അത് അവഗണിച്ചു. 1856 ലാഹോർ- മുൾത്താൻ റെയിൽ പാത നിർമ്മിക്കുന്നതിനിടയിൽ ഹാരപ്പയിൽ ബ്രിട്ടീഷ് എഞ്ജിനിയർമാർ ഈ ഉറപ്പുള്ള ഇഷ്ടികകൾ കണ്ടു. തൊഴിലാളികളെ കൊണ്ട് പതിനായിരക്കണക്കിന് ഇഷ്ടികകൾ ഇളക്കി എടുപ്പിച്ച് പാളത്തിനടിയിൽ ഇട്ടുകൂട്ടി. മാനവ സംസ്കാര വികാസത്തെക്കുറിച്ച് ലോകജനതയ്ക്ക് മുഴുവൻ നൂറായിരം പുതിയ അറിവുകൾ പകർന്നു തരുമായിരുന്ന ആ നഗരാവശിഷ്ടങ്ങൾക്ക് മുകളിലൂടെ തീവണ്ടികൾ ഓടി. എത്രയോ വിലപ്പെട്ട തെളിവുകളാണ് അബദ്ധത്തിൽ അന്ന് നഷ്ടമായത്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥനായിരുന്ന രാഖേൽദാസ് ബന്ദോപാദ്ധ്യയാണ് 1922 ൽ മോഹൻജൊ ദാരോ കണ്ടെത്തിയത്. ഇന്ത്യൻ സ്വാതന്ത്രത്തോടെ നടന്ന വിഭജനത്തിൽ ഹാരപ്പയും മോഹൻജൊ ദാരോയും പാക്കിസ്ഥാന്റെ അധീന പ്രദേശത്തായി.

എന്നെങ്കിലും സിന്ധു നദീ തട സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന ആ അത്ഭുത ഭൂമി നടന്ന് കാണുകയെന്നത് എന്റെ വലിയ ആശയായിരുന്നു. 4600 വർഷം മുമ്പ്- ചാഞ്ഞ് വെയിൽ പതിയുന്ന ഒരു സന്ധ്യയിൽ ആ നഗര

## സ്പന്ദനം

വഴികളിലൂടെ സൈന്ധവർക്കൊപ്പം  ഞാൻ നടന്നു നീങ്ങുന്ന ഒരു ഭ്രാന്തൻ സ്വപ്നം ഇടക്കൊക്കെ കാണും. ഒരിക്കലും മോഹൻജൊ ദാരോ യിൽ ഞാൻ എത്തില്ല എന്ന സങ്കടത്തിലാഴ്ന്ന നേരത്താണ് ലോഥലിനെയും ധോളാവീരയേയും കുറിച്ച് കേൾക്കുന്നത്. ഗുജറാത്തിലെ അഹമ്മദാബാദ് ജില്ലയിൽ സരഗ്വാല ഗ്രാമത്തിനടുത്താണ് ലോഥൽ എന്ന  ഇന്ത്യൻ 'മോഹൻജൊ ദാരോ' — ഗുജറാത്തി ഭാഷയിൽ 'ലോഥ് — തൽ' എന്ന വാക്കിന്റെ  അർത്ഥം  'മരിച്ചവരുടെ കുന്ന്' എന്നു തന്നെയാണ്.  1954 ൽ എസ്.ആർ.റാവുവിന്റെ നേതൃത്വത്തിൽ നടന്ന അന്വേഷണങ്ങളാണ് സൗരാഷ്ട്രൻ മുനമ്പിൽ സബർമതി നദിയുടെ വറ്റിയ കൈവഴികളുടെ കരയിലെ മണ്മറഞ്ഞുകിടന്ന പട്ടണം ലോകത്തിന് കാട്ടിക്കൊടുത്തത്. 400 മീറ്റർ നീളവും 300 മീറ്റർ വീതിയിലുമുള്ള ഈ കേന്ദ്രത്തിനു ചുറ്റും വെള്ളപ്പൊക്കം തടയായാനായി 13 മീറ്റർ കനത്തിലുള്ള മൺകട്ടകൾ കൊണ്ടു പണിത മതിൽ ഉണ്ടായിരുന്നു. മോഹൻജൊ ദാരോ, ഹാരപ്പ, കാലിബംഗാൻ തുടങ്ങിയവയുടെ അതേ രീതിയിൽ സംവിധാനപ്പെടുത്തിയ ജനപദമായിരുന്നു ഇവിടവും. ക്രമത്തിൽ നിരനിരയായുള്ള കെട്ടിടങ്ങളും ഇടയിലൂടെയുള്ള നീളൻ പാതകളും, അവയ്ക്ക്  വിലങ്ങനെയുള്ള നിരവധി ക്രോസ് റോഡുകളും ഉള്ള അത്ഭുതകരമായ നഗരാസൂത്രണം. ശുദ്ധ ജലത്തിനുള്ള കിണറുകൾ, ശൗചാലയങ്ങൾ, അഴുക്ക ചാലുകൾ എന്നിവയുടെ സാന്നിദ്ധ്യം. കോട്ട, കച്ചവടകേന്ദ്രങ്ങൾ, താമസ സ്ഥലങ്ങൾ, എന്നിങ്ങനെ വിവിധ ബ്ളോക്കുകളായുള്ള തരം തിരിക്കുന്ന രീതിയും ഒക്കെ ഇവയുടെ പ്രത്യേകതയാണ്.

ബി.സി.2500 മുതൽ ബി. സി. 1300 വരെയായിരുന്നു ലോഥലിന്റെ സുവർണ്ണ

## സ്പന്ദനം

കാലം. ലോകത്ത് ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും പഴക്കമുള്ള ഡക്ക് ഇവിടെ ആണുള്ളത്. ജലയാനങ്ങൾക്ക് തമ്പടിക്കാനും, ചരക്കുകൾ കയറ്റി ഇറക്കാനും സൗകര്യമുള്ള ഇടം. നാലു ഭാഗവും ഭംഗിയായി ചുട്ട ഇഷ്ടികകൾ കെട്ടി ബലപ്പെടുത്തി 218 മീറ്റർ നീളവും 37 മീറ്റർ വീതിയുമുള്ള കൃത്യമായ ചതുരവടിവിൽ പണിത ഡൊക്ക്. വെള്ളം പുറത്തേക്ക് ഒഴുക്കികളയാനും പിടിച്ച് നിർത്താനും ഉള്ള സംവിധാനങ്ങൾ അവർക്ക് ഉണ്ടായിരുന്നു.. ആ കാലത്തെ വികസിത സംസ്കാരങ്ങളായ ഈജിപ്റ്റിൽ നിന്നും മെസപ്പൊട്ടോമിയയിൽ നിന്നും കപ്പലുകൾ വേലിയേറ്റ സമയങ്ങളിൽ സബർമതിയുടെ കൈവഴിയിലൂടെ പ്രത്യേക ചലുകൾ കടന്ന് ഈ ഡൊക്കിലെത്തി കാത്തുകിടന്നു. അരികിലായി നാലു മീറ്റർ ഉയരത്തിൽ ഇഷ്ടികകൊണ്ട് പണിത പോഡിയം . 64 ബ്ലോക്കുകളുള്ള നീളൻ പാണ്ടികശാല. അതിനും വടക്കായി ഉയർന്ന തലത്തിൽ നഗരാധിപന് സർവ്വവും നിരീക്ഷിക്കാനാകും വിധമുള്ള താമസസ്ഥലം, തുടർന്ന് കീഴ്പട്ടണം- ആഭരണ നിർമ്മാണ ശാലകൾ- ദൂരെയായി ശ്മശാനം. ലോകത്തിലെ ആഭരണങ്ങളുടെ കുത്തക നിർമ്മാണവും വിൽപ്പനയും ആയിരുന്നു ഇവിടത്തെ പ്രധാന പ്രത്യേകത. ചുട്ടെടുത്ത കളിമണ്ണ്കൊണ്ടും, വിലപിടിപ്പുള്ള തിളക്കക്കല്ലുകളാലും, കല്ലുകൾ കോർത്തും ആഭരണങ്ങൾ പണിയാൻ ഇവർ സമർത്ഥരായിരുന്നു. ലോഥലിലെ മ്യൂസിയത്തിൽ ഇവിടെ നിന്നും കണ്ടെടുത്ത ബീഡുകളുടെ ശേഖരം പ്രദർശനത്തിന് വെച്ചിട്ടുണ്ട്. സ്ഫടിക ജാറിൽ ഒരു മില്ലീമീറ്ററിലും വലിപ്പം കുറഞ്ഞ മണൽത്തരികളെപ്പോലുള്ള കുഞ്ഞ് കല്ലുകൾ. മാലകോർക്കാനായി ഈ ബീഡുകളുടെ മദ്ധ്യത്തിൽ അതിസൂക്ഷ്മമായ ദ്വാരമുണ്ട്. അത് കാണാൻ ലെൻസുകളും ഒരുക്കിവെച്ചിട്ടുണ്ട്. വെറും കണ്ണ്കൊണ്ട്കാണാനകാതത്ര ചെറുതായ

## സ്പന്ദനം

സൂക്ഷ്ദ്വാരങ്ങൾ! അവ 4600 വർഷം മുമ്പ് പണിയാൻ സഹായിച്ച ഉപകരണവിദ്യയെക്കുറിച്ച് നാം അമ്പരന്നുപോകും.

ചുട്ടെടുത്ത കളിമണ്ണിൽ പണിത കളിവണ്ടികൾ, മറ്റ് വിവിധ തരം കളിപ്പാട്ടങ്ങൾ എന്നിവയും ഇവരുടെ സ്പെഷാലിറ്റി ആയിരുന്നു. കുട്ടികൾക്ക് ഇത്രയധികം കളിപ്പാട്ടങ്ങൾ നൽകിയിരുന്ന ഇവരുടെ സാമൂഹ്യസന്ദര്യം നമ്മെ അമ്പരപ്പിക്കും. മുതിർന്നവർക്ക് വിനോദവേളകൾക്കായി പകിടകളും കളങ്ങളും പണിതിരുന്നു. കൂടാതെ കൊമ്പിലും ചെമ്പിലും നിരവധി വസ്തുക്കൾ ഇവർ ഉണ്ടാക്കും. നിറം പിടിപ്പിച്ച് മനോഹരമാക്കിയ പരുത്തിവസ്തങ്ങളും ഇവർ വിൽപ്പനയ്ക്ക് വെച്ചിരുന്നു. തുക്കക്കല്ലുകളും അളവു പാത്രങ്ങളും കൂടാതെ ഒന്ന് ദശാംശം ഏഴ് മില്ലീമീറ്റർ അകലത്തിലുള്ള അടയാളങ്ങൾ മാർക്ക്ചെയ്ത, ആനക്കൊമ്പിൽ പണിത സ്കെയിലും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. ഏറ്റവും മികച്ച കരകൗശലക്കാരുടെ ആഭരണ ഫാക്ടറികൾ ആവശ്യക്കാർക്ക് മുഴുവൻ വേണ്ട സാധാനങ്ങൾ നൽകാനായി സദാസമയവും പ്രവർത്തിച്ചുകൊണ്ടിരുന്നു..

ടെറാകോട്ടയിൽ പണിത ആഫ്രിക്കൻ ഗൊറില്ലയുടേയും ഈജിപ്ത്യൻ മമ്മിയുടെയും താടിക്കരന്റെയും രൂപങ്ങൾ ഇവിടെ നിന്ന് കിട്ടീട്ടുണ്ട്. ഇവർക്ക് ഇവയൊക്കെ പരിചയമുണ്ടെങ്കിൽ ഇവരും ദൂരദേശങ്ങളിലേക്ക് സഞ്ചാരം നടത്തീട്ടുണ്ടാകാം. അല്ലെങ്കിൽ കച്ചവടക്കാർ കൗതുകത്തിനായി ഗൊറില്ലകളെ ഇങ്ങോട്ട് കൊണ്ടുവന്നിരിക്കാം.. പൂഞ്ഞയുള്ളതും ഇല്ലാത്തതുമായ കാളകൾ, പട്ടികൾ, കരടി, കടുവ ഒറ്റക്കൊമ്പൻ കുതിര എന്നിവയെ കൂടാതെ കാണ്ടാമൃഗത്തിന്റെ രൂപവും കൂടി

## സ്പന്ദനം

ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. കണ്ടാമൃഗത്തിന്റെ ശരീരമടക്കുകൾ പോലും വ്യക്തമാകും തരത്തിൽ  തൊട്ടടുത്ത് നിന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാണ് അവ ഉണ്ടാക്കിയത്. ഇന്ന് അസമിൽ മാത്രം കാണുന്ന ഇത്തരം കാണ്ടാമൃഗങ്ങൾ ഹാരപ്പൻ കാലത്ത് ലോഥലിനു ചുറ്റുമുള്ള ചതുപ്പുകളിൽ അലഞ്ഞ് മേഞ്ഞിരിക്കാം.നട്ടുച്ചയിലാണ് ലോഥലിൽ ഞാൻ എത്തിയത്. വെയിലിന്റെ ചൂട് അറിഞ്ഞില്ല. ആ മഹാനഗരിയുടെ മണ്ണിൽ ചവിട്ടിയപ്പോൾ ശരീരം ഉളുത്തുകയറി. നൂറ്റാണ്ടുകൾ മുമ്പ് ഈജിപ്തിൽ നിന്നും സുമേറിയയിൽ നിന്നുമൊക്കെ കച്ചവടത്തിനെത്തിയ യാനപാത്രങ്ങളിലെ ആരവം ഞാൻ കേൾക്കുന്നു.. ആക്രോശങ്ങളും പൊരുതലുകളുമില്ലാത്ത കാലാകാർന്മാരുടെ സൗമ്യജീവിതം. കീഴ്പട്ടണത്തിൽ സംഗീതത്തിന്റെ അലകൾ. മൂക്കുത്തിയും കമ്മലും വളകളും മാലകളും അണിഞ്ഞ് തെരുവുകളിൽ പലരും ചിരിച്ച്കാണിച്ച് സന്തോഷത്തോടെ എന്നെ കടന്നുപോകുന്നു. ചില ഗൃഹങ്ങളിൽ നിന്നും നൃത്ത ചുവടുകളുടെ താളം കേൾക്കാം. ആഭരണ ഫാക്ടറികളിൽ കല്ലുകൾ മിനുസപ്പെടുത്തുന്നതിന്റെ സീൽക്കാരങ്ങൾ. ഉലകളിൽ തീച്ചൂട്.  ചൂളകളിൽ നിന്നുയരുന്ന പുകച്ചുരുളുകൾ. ഉച്ചവെയിൽ ചൂട് ഞാനറിയുന്നുണ്ടായിരുന്നില്ല. വിശാലമായ ഡൊക്കിൽ നിന്നുമടിക്കുന്ന  കാറ്റിന്റെ കുളിർമയിൽ ഞാൻ എത്രയോ കാലമായി കാത്തിരുന്ന എന്റെ മോഹൻജൊ ദാരോയെ അറിഞ്ഞു.

# നമ്മുടെ കവികൾ

## കുമാരനാശാൻ

മലയാളകവിതയുടെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് എൻ. കുമാരനാശാൻ (ഏപ്രിൽ 12, 1873 - ജനുവരി 16, 1924).



## ചങ്ങമ്പുഴ കൃഷ്ണപിള്ള

മനുഷ്യനെന്ന നിലയിലും കവിയെന്ന നിലയിലും മറ്റുള്ള മലയാളകവികളിൽനിന്നു തികച്ചും ഒറ്റപ്പെട്ടു നിൽക്കുന്നു മഹാകവി ചങ്ങമ്പുഴ. മലയാളത്തിന്റെ ഈ പ്രിയപ്പെട്ട കവി 1911 ഒക്ടോബർ 10-ന് ജനിച്ചു. ജന്മദേശം ഉത്തരതിരുവിതാംകൂറിൽപ്പെട്ട (ഇപ്പോൾ എറണാകുളം ജില്ലയിൽ) ഇടപ്പള്ളിയാണ്. ഇടപ്പള്ളി ചങ്ങമ്പുഴത്തറവാട്ടിലെ ശ്രീമതി പാറുക്കുട്ടിയമ്മയാണ് മാതാവ്. തെക്കേടത്തു വീട്ടിൽ രാമൻ മേനോൻ പിതാവും.



## സ്പന്ദനം

### ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ





മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (1877 ജൂൺ 06 - 1949 ജൂൺ 15.) ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ്[1]സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അദ്ധ്യാപകനായിരുന്നു. [2] അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ.

**സ്പന്ദനം**

## എബോള

വന്യജീവികളിൽ നിന്ന് മനുഷ്യരിൽ എത്തിക്കുകയും ഭീതി ജനകമാം വിധം
വ്യാപിക്കുകയും ചെയ്യുന്ന വൈറസ് രോഗമാണ് എബോള
2014 മാർച്ചിൽ മദ്യ ആഫ്രിക്ക യിൽ വ്യപാകമായി കണ്ടെത്തിയ എബോള രോഗം
ചിമ്പാൻസി ഗൊറില്ല പഴം പകരുന്നത് രോഗിയെ
 സ്പർശിക്കുന്നതോ രോഗി ഉപയോഗിച്ച വസ്തുക്കൾ ഉപയോഗിക്കുന്നതോ പോലും
രോഗ ബത്ത ഉണ്ടാകുന്നു കടുത്ത പന്നിയും പേശിവേതനയാണ്
പ്രരംഫലക്ഷണങ്ങൾ ശർത്തിയും വയ്യറിളാകാംആന്തര ബഹ്ഹിയ
രക്തസ്രാവവുമാണ് മറ്റുലക്ഷണങ്ങൾ ഫലപ്രദമായ ചികിത്സയില്ലാത്ത രകമാണ്ത്





# മരം

അടിവേരിൽ നിന്നും പടർന്ന് പന്തലിച്ച മരത്തിന്റെ അവസാന കണ്ണിയായി അവൻ പിറന്നു. കാറ്റിനൊപ്പം അതജീവിച്ചും ചിലപ്പോൾ സ്തംഭിച്ചും അതങ്ങനെ പോയി. തലയെടുപ്പിൽ ഒന്നാമനായി, സൂര്യനേത്രത്തെ ആർക്കും മുന്നേ നേരിട്ടു. കൊടും തണുപ്പും,ചൂടും,വർഷവും സഹിച്ചു.ജീവിതം കണ്ടും തൊട്ടുമറിഞ്ഞ് അഭയം വേണ്ടവർക്കഭയം നൽകിയും, സംരക്ഷിക്കേണ്ടവരെ സംരക്ഷിച്ചും കൊഴിയാറായവയെ പൊഴിച്ചും അതങ്ങനെ നിലകൊണ്ടു. കാലത്തിന്റെ പ്രളയം തലയെവരെ മൂടിക്കടന്നുപോയി. ശ്വാസത്തിനായി കൈകാലിട്ടടിച്ചു. ആശ്രയിച്ചിരുന്നവരെല്ലാം അകന്നു. കാലവും കടന്നു. വാർദ്ധക്യവീകൾ വന്നു.കൊമ്പുകൾ ഒന്നൊന്നായി ഒടിഞ്ഞു. തായ്ത്തടിയിൽ നിന്നും ചിതലുകൾ അരിച്ചുകയറിത്തുടങ്ങി. മുരടിച്ച ശരീരം ദുർബലപ്പെട്ടു. അതു പതിയെ കൂപ്പുകുത്താൻ തുടങ്ങി. കാറ്റിന് ശക്തിയേറുന്നതായി തോന്നി. ചില്ലകൾ ആടാതെ നിലം പതിച്ചു...... അവ ഓർമ്മകൾ മാത്രമായി........



# മിഴിനീരോടെ അവൾ

വാനം തെളിഞ്ഞു...... നീലാകാശമാകെ വിളറി വെളുത്തു എങ്ങോട്ടെന്നില്ലാതെ ഒഴുകുന്ന നദി പോലെ..... വെളുത്ത പഞ്ഞിക്കെട്ടു പോലുള്ള........ മേഘങ്ങളെയും തോളിലേറ്റി അവ നീങ്ങുന്നു....... കിളികൾ കലപില, കലപില, വാനം ഒട്ടാകെ പറക്കുന്നു........ എന്തെന്നില്ലാത്ത ശോഭയോ, എന്തെന്നില്ലാത്ത നിറമോയില്ലാത്ത ഒരു പ്രഭാതത്തെ നോക്കി അവളുടെ ആ കണ്ണിൽനിന്നും കണ്ണുനീർ എന്തെന്നില്ലാത്ത ഇറ്റുവീഴാൻതുടങ്ങി......... പിന്നെ



അത് ഒരു നീർചാലുപോലെ...... അവളുടെ മിഴികളിൽ നിന്നും ഒഴുകിക്കൊണ്ടിരുന്നു........ "എന്തിനായിരിക്കും അവൾ കരയുന്നത്......... എന്തിനുവേണ്ടിയായിരിക്കും അവൾ

## സ്പന്ദനം

മിഴിനീർതുടയ്ക്കാതെ കണ്ണീരാൽ വിതുമ്പുന്നത്." അതാ അവിടെ മാവിൽചുവട്ടിലെ മരക്കൊമ്പിൽ ഒരു കുഞ്ഞുമുറിവാളൻ കിളി . അടയിരുന്നു വിരിയിച്ച കുഞ്ഞാണ്,രണ്ടോമൂന്നോ ദിവസമേ ആയിട്ടുള്ളൂ . ഒരു മനുഷ്യന് മറ്റൊരു മനുഷ്യന്റെ അവസ്ഥയോ, ജീവിതത്തിൽ നേരിടുന്ന പ്രശ്നം തിരിച്ചറിയാനോ, സഹായിക്കാനോ നേരമില്ല . പക്ഷെ ഇവിടെ ഈ കുഞ്ഞിക്കിളി വ്യത്യസ്തമാർന്ന ഒരു കിളിയാണ് . മനുഷ്യന്റെ ഭാഷ അറിയാവുന്നത് മനുഷ്യന് മാത്രമാണ് എന്നാൽ കടലുപോലെ ഒഴുകിവരുന്ന .......... പറയാതെ വരുന്ന സങ്കടം കാണാൻ ഭാഷയുടെ ആവശ്യമില്ല, ഒരു നല്ല മനസുമതി .......... ജീവിതങ്ങൾ ഒരു മഹാസാഗരം പോലെയാണ് ..... അല്ല അങ്ങനെയാണ്. എന്നാൽ പുഴപോലെ ഒഴുകുന്ന ജീവിതങ്ങൾ ഒഴുകി ,ഒഴുകി,ഒഴുകി,നിർത്താതെ ഒഴുകി കടലിൽ ചെന്നുചേരുന്നതുണ്ട് .

## മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത്

നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം
പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ് ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു

വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പത്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പത്മനാഭൻ.

## സ്പന്ദനം

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷംആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ

## സ്പന്ദനം

നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

## ചെറുകഥ

" പുലർച്ചെക് ഉദിക്കുന്ന സൂര്യനും, ചന്ദ്രനും, മരങ്ങളും, മനുഷ്യരും ഒന്നാണ്. അതെ മേഘം ഭൂമിയുടെ നിഴൽ പോലെ ആണ് "

കാവ്യ അന്നേരം കോട്ടയുടെ ചേർന്നുള്ള വഴിയിൽ നിൽക്കുകയായിരുന്നു . പുലർച്ചെക്ക് മുൻപുള്ള ഒരു ദുഃഖസ്വപ്നത്തിൽ ഞെട്ടിയുണർന്നപ്പോൾ തോന്നിയത് വെറുതെ പുറത്തിറങ്ങി നടക്കുകയാണ് . ആ പ്രശാന്തതയിൽ നിന്ന് യാത്രുടരുമ്പോൾ അവൾ ഓർക്കുകയായിരുന്നു .അനശ്വരതയുടെ തൊട്ടരികിൽ തന്റെ ജീവിതത്തിന്റെ അനുഭവതലം ഏതു വിധിയിലാണെന്ന് അവൾക് അറിയില്ല

## സ്പന്ദനം

തോല്വികളും തകർച്ചകളും നഷ്ടങ്ങളും അപമാനങ്ങളും സഹിച്ചു ഇങ്ങനെ ജീവിക്കുന്നതുനു എന്ന് അര്ഥമുള്ളതാണെന്ന് അവൾ ചിന്തിച്ചു . ഒടുവിൽ അവൾ എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടു പോയി . വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറ കഷ്ണം പോലെ ആണ് . ഇപ്പോൾ അവളുടെ ജീവിതം . ലജ്ജപൂർണമായി അവൾ അവളുടെ ജീവിതത്തെ കണക്കാക്കി . ക്രോധമാണ് മനുഷ്യരിൽ അഹംകാരം ഉണ്ടാകുന്നത് മഴ പെയ്യുംമുന്പുള്ള കാർമേഘങ്ങൾ പോലെയാണ് കഴിയുന്നത് .അന്ന് ഒരു മഴ ദിവസം ആയിരുന്നു . അവളുടെ കയ്യിൽ കുട ഇല്ലായിരുന്നു . അന്ന് പരീക്ഷ ആയിരുന്നു . കയ്യിൽ കുട ഇല്ലാത്തതിന് കാരണം അവൾ നനയ്ക്കുക തന്നെ ചെയ്തു . അവൾ സ്കൂൾഇൽ  എത്തി . ടീച്ചർ അവളെ വഴക് പറഞ്ഞു . അവളെ  അന്നത്തെ ദിവസം പരീക്ഷ എഴുതാൻ സമ്മതിച്ചില്ല. അവൾ ദുഖിതയായി .അന്നത്തെ ദിവസം അവൾക് ഒരു അശ്രു നിറഞ്ഞ ദിവസമായിരുന്നു .അവളുടെ കണ്ണുനീർ ഒരു പെയ്യുന്ന മഴ പോലെ ആയിരുന്നു .പെയ്തു തോർന്ന മാനം പോലെ അവൾ നോക്കി ഇരുന്നു കണ്ണീരോടെ ....

8 a

ഗൗതം.വി.നായർ

## സ്പന്ദനം



## സ്പന്ദനം

നമുക്ക നമ്മുടെ മക്കൾക്കവരുടെ

മക്കൾക്കിവിടെ കഴിയണ്ടേ?

ഇതു ഞങ്ങൾക്കറിയാം

# ഭൂമി

മനുഷ്യനവേണ്ടിയല്ല

# മനുഷ്യൻ

ഭൂമിക്കുവേണ്ടിയാണ്

**stand up for earth; if not now when?**

**If not us whom?**

Presented by MIDHUN & HARI SANKAR

THANK YOU